**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4297** **06-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, ഇതര സ്ഥാപനങ്ങൾ അവരുടേതല്ലാത്ത വ്യക്തിഗത അക്കൗണ്ടുകളിലേക്ക് ബിൽ തുക ക്രെഡിറ്റ് ചെയ്യാവുന്ന വിധം യു.പി.ഐ സംവിധാനം ഉപയോഗിച്ചുള്ള ക്യു.ആർ കോഡ് സ്കാനറുകൾ ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യു.പി.ഐ. സംവിധാനത്തിൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സംവിധാനം ജി.എസ്.ടി. നിയമ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | നിശ്ചിത തുകയ്ക്കുമേൽ പ്രതിദിന വ്യാപാരം/ പണമിടപാട് നടക്കാറുള്ള വ്യാപാര/മറ്റുവക സ്ഥാപനങ്ങളിൽ ഡിജിറ്റൽ പെയ്മെന്റ് സംവിധാനം കൂടി നിർബന്ധമാക്കിക്കൊണ്ട് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താമോ; | (സി) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നയപരമായ തീരുമാനങ്ങൾ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കേണ്ടതിനാൽ ഇത്തരം ഭേദഗതികൾ ജി.എസ്.ടി. കൗൺസിലിനു മുന്നിൽ അവതരിപ്പിച്ച മറ്റ സംസ്ഥാനങ്ങളുടെ താല്പര്യം കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | നികുതി വെട്ടിക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ പെയ്മെന്റ് സംവിധാനം ഒഴിവാക്കി റൊക്കം പണമായി മാത്രം ബിൽ തുക സ്വീകരിക്കുകയോ ബില്ലില്ലാതെ പണം സ്വീകരിക്കുകയോ ചെയ്യുന്ന നികുതി പരിധിയിലുള്ള വ്യാപാര/മറ്റിതര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും ഇത്തരം പ്രവണതകൾ തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്നത് അറിയിക്കാമോ? | (ഡി) | വ്യാപാരികൾ യഥാസമയം ബിൽ നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ഉപഭോക്താക്കൾ ബിൽ ചോദിച്ച വാങ്ങുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ലക്കി ബിൽ എന്നൊരു ആപ്പ് നടപ്പിലാക്കിയിട്ടുള്ളതാണ്. കേന്ദ്ര സംസ്ഥാന നിയമങ്ങൾ അനുവദിച്ച പരിധിയിൽ നിന്നുകൊണ്ട് റൊക്കം പണമായി നൽകുന്നതിന് വ്യാപാര /മറ്റിതര സ്ഥാപനങ്ങൾക്ക് എതിരെ നിയമപരമായി വിലക്കുകൾ ഒന്നും ഏർപ്പെടുത്തുന്നതിനു വകുപ്പിനു അധികാരമില്ല. ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ ടെസ്റ്റ് പർച്ചേസ് പോലുള്ള നടപടികൾ എടുക്കുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | ഒരു പരിധിവരെ ബിൽ നൽകാതെ വ്യാപാരം നടത്തുന്നത് തടയിടുന്നതിനു കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ